പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.T.1216

05/03/2018 ൽ
മറുപടിക്ക്

കാപ്പക്സ്

ചോദ്യം

ശ്രീ.അനിൽ അക്കര

ഉത്തരം

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷം കാപ്പക്സ് നഷ്ടത്തിലായിരുന്നോ; എങ്കിൽ എത്ര കോടി രൂപ നഷ്ടം ഉണ്ടായെന്ന് വെളിപ്പെടുത്തുമോ; | (എ) | നഷ്ടത്തിലായിരുന്നു.കാപെക്സിൽ 2015-16 വർഷത്തിൽ 16.47 കോടിയായിരുന്ന നഷ്ടം 2016-17 സാമ്പത്തിക വർഷം 9 കോടി 82 ലക്ഷം രൂപയായി കുറച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ 2016-17 സാമ്പത്തിക വർഷം എത്ര ദിവസം തൊഴിലാളികൾക്ക് ജോലി നൽകി; | (ബി) | 2016-17 സാമ്പത്തിക വർഷം കാപെക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് 165 ദിവസം തൊഴിൽ നൽകുവാൻ കഴിഞ്ഞു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പക്സിന്റെ ആവശ്യ ത്തിനായി എത്ര പുതിയ കാറുകൾ വാങ്ങി; ഇതിനായി എന്ത് തുക ചെലവഴിച്ചു; ഈ വാഹനങ്ങൾ ആരുടെ ആവശ്യത്തിലേക്കാണ് വാങ്ങിയത്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപെക്സിന്റെ ആവശ്യത്തിലേക്ക് മൂന്നു കാറുകൾ വാങ്ങിയിട്ടുണ്ട്. മൂന്നു കാറുകൾക്കും കൂടി ഇൻഷ്വറൻസ്, റോഡ് ടാക്സ്, രജിസ്ട്രേഷൻ ചാർജ് ഉൾപ്പെടെ 38,26,136/- (മുപ്പത്തിയെട്ടു ലക്ഷത്തി ഇരുപത്തിയാറായിരത്തി ഒരുന്നൂറ്റി മുപ്പത്തിയാറു രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. ചെയർമാന്റെയും എം.ഡി.യുടേയും ഓഫീസ് ആവശ്യത്തിനുമായിട്ട് ഉപയോഗിക്കുന്നതിനാണ് വാഹനങ്ങൾ വാങ്ങിയത്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പക്സിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ ഏതൊക്കെയാണ്; ഈ തസ്തികകളിൽ ആരെയൊക്കെ നിയമിച്ചു; ഇതുവഴി കാപ്പക്സിന് പ്രതിവർഷം ഉണ്ടാകുന്ന ചെലവ് എത്രയാണ്; വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പക്സിൽ പുതുതായി ഒരു തസ്തികയും സൃഷ്ടിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ